# പലിശ നിഷിദ്ധം

കടുത്ത ചൂഷണാപാധിയാണ് പലിശ. കൊടിയ അനീതിയുടെയും അക്രമത്തിന്റെയും മാർഗവും. തേൻ പുരട്ടിയ വിഷം പോലെയാണിതിന്റെ സ്വഭാവം. രുചിക്കുന്നവന് പ്രഥമഘട്ടത്തിൽ മധുരമനുഭവപ്പെടുന്നു. എന്നാൽ വൈകാതെ അതിന്റ വൻപ്രത്യാഘാതവും അവനറിയുന്നു. ലോകത്ത് വളരെ പണ്ടുമുതലേ പലിശ സമ്പ്രദായം നിലവിലുണ്ട്. മാനുഷികപ്രതിബദ്ധതയോടുകൂടി സമൂഹത്തിലെ ധനികവിഭാഗം ദരിദ്രകോടികൾക്ക് അത്താണിയായി വർത്തിക്കുന്നതിന് പകരം അതിന്റെ മറവിൽ സഹായത്തിന്റെയും സഹകരണത്തിന്റെയും സുന്ദരമായ ലേബലിൽ അപകടം പിടിച്ച കെണിയൊരുക്കുകയാണ് പലിശയുടെ അംഗീകൃതരീതിയും സ്വഭാവവും. ചൂഷക മുതലാളിത്തത്തിന്റെ സൃഷ്ടിയാണ് പലിശ. ദരിദ്രനായ അധമർണനെ പിഴിഞ്ഞ് പരമാവധി ഊറ്റിയെടുക്കുന്നമുതലാളിത്തത്തിന്റെ ചൂഷണമനസ്സിനെ അത് നന്നായി പ്രതിഫലിപ്പിക്കുന്നു.

പലിശയുടെ ഒരു രൂപവും ഇസ്‌ലാം അനുവദിച്ചിട്ടില്ല. വ്യഭിചാരം, കൊലപാതകം, ചൂതാട്ടം തുടങ്ങിയ ഹീനകൃത്യങ്ങളെ ആക്ഷേപിക്കുന്നതിനേക്കാൾ രൂക്ഷവും കർക്കശവുമായ ഭാഷയിലാണ് വിശുദ്ധ ഖുർആൻ പലിശയെ വിമർശിച്ചത്. 'എന്നാൽ പലിശ ഭുജിക്കുന്നവരോ അവരുടെ ഗതി ചെകുത്താൻ ബാധിച്ച് ഭ്രാന്ത് പിടിച്ചവന്റേത് പോലെയാകുന്നു. 'കച്ചവടവും പലിശ പോലെതന്നെ' എന്ന് വാദിച്ചത് കൊണ്ടത്രെ അവർക്കീ ഗതി വന്നത്. എന്നാൽ കച്ചവടത്തെ അല്ലാഹു അനുവദിക്കുകയും പലിശയെ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആർക്കെങ്കിലും തന്റെ നാഥനിൽ നിന്നുള്ള ഈ ഉപദേശം വന്നെത്തുകയും അയാൾ പലിശയിടപാടിൽ നിന്ന് വിരമിക്കുകയും ചെയ്താൽ അയാൾ മുമ്പ് അനുഭവിച്ചത് അനുഭവിച്ച് കഴിഞ്ഞു. ഈ വിധിക്കുശേഷവും ഇതേ ഇടപാട് തുടരുന്നവരോ അവർ നരകവാസികളകുന്നു. അവരതിൽ നിത്യവാസികളല്ലോ. അല്ലാഹു പലിശയെ നശിപ്പിക്കുകയും ദാനധർമ്മങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.' (വി. ഖു. 2: 275, 276)

പലിശയെ ഇസ്‌ലാം എത്രത്തോളം വെറുക്കുന്നുവെന്ന് ഈ സൂക്തങ്ങൾ വ്യക്തമാകുന്നു. വിശേഷബുദ്ധി നഷ്ടപ്പെട്ട ഭ്രാന്തൻ സമനിലതെറ്റി പ്രവർത്തിക്കുംപ്രകാരം പലിശക്കാരനും പണത്തിനു പിന്നാലെ പരക്കം പായുകയാണ്. ഏതെല്ലാം ചൂഷണമാർഗങ്ങളിലൂടെയാണ് പണം വന്നണഞ്ഞതെന്ന് ഭ്രാന്തമായ സ്വാർത്ഥതാവിചാരം അവനെ അനുവദിക്കുന്നില്ല. മനുഷ്യൻ ഇഹലോകത്ത് ജീവിതമവസാനിപ്പിച്ച അതേ അവസ്ഥയിലായിരിക്കും പരലോകത്ത് പുനർജീവിക്കപ്പെടുകയെന്ന് പ്രവാചക വചനമുണ്ട്. അതനുസരിച്ച് പേപിടിച്ച് ബുദ്ധിഭ്രമം സംഭവിച്ച മനുഷ്യരൂപത്തിലായിരിക്കും അന്ത്യനാളിൽ പലിശക്കാരൻ എഴുന്നേൽക്കുക. കച്ചവടം പോലെതന്നെയാണ് പലിശയുമെന്ന വാദത്തിന്റെ മുനയൊടിച്ചുകളഞ്ഞിട്ടുണ്ട് മേലുദ്ധരിച്ച ഖുർആൻ സൂക്തം. കച്ചവടം മനുഷ്യനാഗരികതയുടെ നിർമ്മാണശക്തിയായി വർത്തിക്കുമ്പോൾ പലിശ അതിന്റെ നാശഹേതുവാണ്. അത് വ്യക്തികളിൽ ലുബ്ധും സ്വാർത്ഥയും ദയയില്ലായ്മയും ധനപൂജയും വളർത്തും. പരസ്പരസഹായ മനസ്ഥിതി, സഹാനുഭൂതി, സഹവർത്തിത്വം തുടങ്ങിയ മഹത്തായ സ്വഭാവഗുണങ്ങളെ ഉന്മൂലനാശം വരുത്തും. മനുഷ്യവംശത്തിന് സാമ്പത്തികമായും ധാർമികമായും ഒട്ടേറെ കഷ്ടനഷ്ടങ്ങൾ പലിശ മുഖേന ഏൽക്കേണ്ടിവരുന്നു.

അത് കൊണ്ടാണ് പലിശയെ എല്ലാ ദൈവികമതങ്ങളും ശക്തിയുക്തം എതിർത്തത്. ജൂത സമുദായത്തെ പലിശ ഭോജനത്തിൽനിന്ന് നിരോധിച്ചിരുന്നുവെന്നും അവരെ ദൈവശാപത്തിനും ഹീനത്വത്തിനും അർഹരാക്കിയ പലകാരണങ്ങളിലൊന്ന് പലിശഭോജനമാണെന്നും ഖുർആൻ ഉണർത്തുന്നു. 'ആകയാൽ ജൂതരായ ജനത്തിന്റെ ഇത്തരം ചെയ്തി നിമിത്തവും അവർ ദൈവമാർഗത്തിൽ ധാരാളം തടസ്സമുണ്ടാക്കിക്കൊണ്ടിരിക്കുന്നതുകൊണ്ടും തങ്ങൾക്ക് വിരോധിക്കപ്പെട്ട പലിശ സ്വീകരിക്കുന്നതുകൊണ്ടും നേരത്തെ അവർക്കനുവദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാം അവർക്ക് നിരോധിച്ചിരുന്നു' (3:160-161).

ഇസ്‌ലാം പലിശ നിഷിദ്ധമാക്കുക മാത്രമല്ല, ഒരു രാജ്യദ്രോഹകുറ്റമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിം പ്രജകൾക്ക് അവരുടെ വ്യക്തിനിയമമനുസരിച്ച് ജീവിക്കാൻ ഇസ്‌ലാം സ്വാതന്ത്ര്യം നൽകുന്നുണ്ട്. എന്നാൽ പലിശയിടപാട് നടത്താൻ അവരെപ്പോലും ഇസ്‌ലാം അനുവദിക്കുന്നില്ല. പലിശക്കാരോട് ഖുർആൻ അല്ലാഹുവിന്റെയും പ്രവാചകന്റെയും ഭാഗത്തുനിന്നുള്ള യുദ്ധം പ്രഖ്യാപിക്കുന്നു. 'ഓ സത്യവിശ്വാസികളെ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ. പലിശയിനത്തിൽ ജനങ്ങളിൽ നിന്ന് നിങ്ങൾക്ക് കിട്ടാൻ ബാക്കിയുള്ളതൊക്കെയും ഉപേക്ഷിക്കുവിൻ. നിങ്ങൾ യാഥാർത്ഥ വിശ്വാസികൾ തന്നെയാണെങ്കിൽ. നിങ്ങൾ അപ്രകാരം ചെയ്യുന്നില്ലെങ്കിലോ, എങ്കിൽ, അല്ലാഹുവിങ്കൽ നിന്നും അവന്റെ ദൂതനിൽ നിന്നും നിങ്ങൾക്കെതിരിൽ യുദ്ധപ്രഖ്യാപനമുണ്ടെന്നറിഞ്ഞു കൊൾവിൻ. ഇനി പാശ്ചാത്തപിക്ക(പലിശ വർജിക്ക)യാണെങ്കിൽ നിങ്ങൾക്ക് സ്വന്തം മൂലധനം തിരിച്ചെടുക്കാവുന്നതാകുന്നു. നിങ്ങൾ അക്രമം പ്രവർത്തിക്കാതെയും അക്രമിക്കപ്പെടാതെയും. നിങ്ങളുടെ കടക്കാരൻ ഞെരുക്കത്തിലാണെങ്കിൽ അയാൾക്ക് ക്ഷേമമാകുന്നതുവരെ അവധി കൊടുക്കുക. അത്ദാനമായി നൽകുന്നതാണ് നിങ്ങൾക്ക് ഏറെ ഉത്തമം. നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ' (വി. ഖു 2:274-280).

മക്കാവിജയത്തിന് ശേഷമാണ് ഈ സൂക്തം അവതരിപ്പിച്ചത്. അതിനുമുമ്പും പലിശ വെറുക്കപ്പെട്ടതായി ഗണിച്ചുപോന്നിരുന്നു. എന്നാൽ നിയമംമൂലം അത് തടഞ്ഞിരുന്നില്ല. ഈ സൂക്തം അവതരിപ്പിച്ചതോടെ ഇസ്‌ലാമിക ഭരണാതിർത്തിക്കുള്ളിൽ പലിശയിടപാട് ഒരു ക്രിമിനൽ കുറ്റമായിത്തീർന്നു. മേലിൽ പലിശ വ്യാപാരത്തിൽനിന്ന് വിരമിക്കാത്തപക്ഷം യുദ്ധനടപടി കൈകൊള്ളുമെന്ന് പലിശ വ്യാപാരത്തിൽ ഏർപ്പെട്ട വ്യക്തികൾക്കും ഗ്രോത്രങ്ങൾക്കും പ്രവാചകൻ തന്റെ ഉദ്യോഗസ്ഥമാർ മുഖേന താക്കീത് നൽകി.

മദീനക്കാരുടെ ഇമാമായ മാലിക്ബ്നു അനസിന്റെ അടുത്ത് വന്ന് ഇങ്ങനെ ഒരാൾ ഫത്വ ചോദിച്ചു. 'മദ്യപിച്ചു മത്തുപിടിച്ച ഒരാൾ ചന്ദ്രനെ പിടിക്കാൻ ഉദ്യമിക്കുന്നത് കണ്ടപ്പോൾ ഞാൻ പറഞ്ഞുപോയി: മനുഷ്യൻ മദ്യത്തേക്കാൾ നീചമായ വല്ലതും അകത്താക്കുന്നുണ്ടെങ്കിൽ എന്റെ ഭാര്യ വിവാഹമോചിതയാണ്. ഈ വാക്കുകൊണ്ട് തന്റെ ഭാര്യ വിവാഹമോചിതയാകുമോ എന്നായിരുന്നു അയാൾക്കറിയേണ്ടത്. ഇമാം പറഞ്ഞു. താങ്കളുടെ ഭാര്യ വിവാഹബന്ധത്തിൽ നിന്നും മുക്തയായിരിക്കുന്നു. കാരണം അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകന്റെ തിരുചര്യയും പരിശോധിച്ചാൽ പലിശയേക്കാൾ നീചമായ ഒന്നും മനുഷ്യൻ അകത്താക്കുന്നതായി ഞാൻ കണ്ടില്ല. പലിശയെപ്പറ്റിയാണല്ലോ അല്ലാഹു യുദ്ധപ്രഖ്യാപനം നടത്തിയിട്ടുള്ളത്. (നിദാഉൽ ഇസ്‌ലാം മുഹമ്മദ് മഹ്മൂദുസ്സ്വവ്വാഫ് പേജ് 99) പലിശ ഭോജനത്തേക്കാൾ ദോഷകരമായ മറ്റൊരു തിൻമയില്ലെന്ന് ഇതിൽനിന്ന് വ്യക്തം.

പരസ്രം ക്രയവിക്രയമായിട്ടല്ലാതെ മൂലധനത്തേക്കാൾ കൂടുതലുള്ള തുകയാണ് ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ രിബയെന്ന് ഇബ്നുൽ അസീർ നിർവ്വചിക്കുന്നു. ഖുർആന്റെ പലിശ നിരോധത്തിന്റെ ആത്മാവിനോട് തീർത്തും യോജിക്കുന്നതാണ് ഈ നിർവ്വചനം. മൂലധനത്തിൽ കൂടുതലായി എന്തുവാങ്ങുന്നതും പലിശയും അക്രമവുമാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

ഗുരുതരമായ ഏഴ് വൻപാപങ്ങളിലൊന്നായിട്ടാണ് പലിശ ഭോജനത്തെ പ്രവാചകൻ ഗണിച്ചത്. പലിശഭോജികൾക്ക് ലഭിക്കാനിരിക്കുന്ന ഭീകരശിക്ഷകളെക്കുറിച്ച് സുമുറത്തുബ്നു

ജുൻറുബ് നിവേദനം ചെയ്യുന്ന ഹദീസിൽ പ്രവാചകൻ(സ) വിശദീകരിച്ചു: ‘ഞാനിന്ന് രാത്രി ഒരു സ്വപ്നംകണ്ടു. രണ്ടുപേർ എന്റെയരികിൽ വന്ന് എന്നെയൊരു പുണ്യ ഭൂമിയിലേക്ക് കൊണ്ടുപോയി. ഞങ്ങളൊരു രക്തമൊഴുകുന്ന നദിക്കരയിലെത്തി. ആ രക്തനദിയിൽ ഒരു മനുഷ്യൻ നിൽക്കുന്നുണ്ടായിരുന്നു. നദീതീരത്ത് നിലയുറപ്പിച്ച മറ്റൊരു മനുഷ്യന്റെ മുമ്പിൽ ധാരാളം കല്ലുകൾ കൂട്ടിയിരിക്കുന്നു. നദിയിലെ മനുഷ്യൻ പുറത്തുകടക്കാനാഗ്രഹിച്ച് തീരത്തേക്ക് പോകാനുദ്യമിച്ചപ്പോൾ തീരത്തെ മനുഷ്യൻ കല്ലെടുത്ത് ശക്തിയോടെ നദിയിലെ മനുഷ്യന്റെ മുഖത്തേക്കെറിയുകയും അയാൾ മുമ്പുണ്ടായിരുന്ന സ്ഥലത്തേക്ക് തന്നെ തിരിച്ചയക്കപ്പെടുകയും ചെയ്യുന്നു. പിന്നീട് പുറത്ത്വരാനൊരുങ്ങിയപ്പോഴൊക്കെയും എറിയുകയും തിരിച്ചയക്കുകയും ചെയ്തു. ഞാൻ നദിയിൽകണ്ട ആ മനുഷ്യനാരാണെന്ന് ചോദിച്ചപ്പോൾ പലിശഭോജികളാണെന്നായിരുന്നു മറുപടി’ (ബുഖാരി). ജാബിറുബ്നു അബ്ദുല്ലാ പറയുന്നു. പലിശ തിന്നുന്നവനെയും തീറ്റുന്നവനെയും അത് രേഖപ്പെടുത്തുന്നവനെയും സാക്ഷികളെയുമെല്ലാം പ്രവാചകൻ ശപിക്കുകയുണ്ടായി (മുസ്‌ലിം). അബൂഹുറൈറ നിവേദനം ചെയ്യുന്നു, നബി പറഞ്ഞു: "നാലുവിഭാഗമാളുകളെ സ്വർഗത്തിൽ പ്രവേശിപ്പിക്കാതിരിക്കലും സ്വർഗീയാനുഗ്രഹങ്ങൾ അനുഭവിപ്പിക്കാതിരിക്കലും അല്ലാഹു തന്റെ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു. മുഴുക്കുടിയൻ, പലിശ തിന്നുന്നവൻ, അനാഥയുടെ സമ്പത്ത് അനർഹമായി ഭുജിക്കുന്നവൻ, മാതാപിതാക്കളെ ദ്രോഹിക്കുന്നവർ എന്നിവരാണ് ആ നാല്വിഭാഗം (ഹാകിം). അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽനിന്ന് നിവേദനം, നബി(സ) പറഞ്ഞു: പലിശ 73 അംശങ്ങളുണ്ട്. അതിലേറ്റവും ലഘുവായതുപോലും സ്വന്തം മാതാവിനെ വ്യഭിചരിക്കുന്നതിനു തുല്യമാണ് (ഹാകിം). അബ്ദുല്ലാഹിബ്നു സലാമി(റ)ൽനിന്ന് നിവേദനം, നബി(സ) പറഞ്ഞു: പലിശയിൽനിന്ന് ഒരു മനുഷ്യൻ സമ്പാദിച്ച ഒരു ദിർഹം പോലും അല്ലാഹുവിങ്കൽ മുപ്പത്തിമൂന്ന് തവണ വ്യഭിചരിക്കുന്നതിനേക്കാൾ ഭീകരമായ കുറ്റമാകുന്നു (ത്വബ്റാനി). ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം, നബി(സ) പറഞ്ഞു: ഒരു ഗ്രാമത്തിൽ വ്യഭിചാരവും പലിശയും വ്യാപകമായാൽ ആ ഗ്രാമവാസികൾ അല്ലാഹുവിന്റ ശിക്ഷ ഏറ്റുവാങ്ങിയതു പോലെയാണ്.

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം, പ്രവാചകൻ(സ) പറഞ്ഞു: മിഅ്റാജിന്റെ രാത്രിയിൽ ഞാൻ ഏഴാനാകാശത്ത് നിന്ന് മുകളിലേക്ക് നോക്കിയപ്പോൾ മിന്നലുംഇടിയും ഘോരാട്ടഹാസവും കേൾക്കുകയും കാണുകയുമുണ്ടായി. പിന്നീട് ഞാൻ ഒരു ജനവിഭാഗത്തിനരികിലൂടെ കടന്നുപോയി. അവരുടെ വയറുകൾ വലിയ വീടുകളെപ്പോലെയായിരുന്നു. വയറിനകത്ത് പാമ്പുകൾ നിറഞ്ഞ്കവിഞ്ഞ് പുറത്തേക്ക്കാണാമായിരുന്നു. ഞാൻ ജിബ്രീലിനോട് ഏതാണവരെന്ന് ചോദിച്ചപ്പോൾ ജിബ്രീൽ പറഞ്ഞു: പലിശ ഭോജികളാണവർ.

അന്ത്യദിനത്തിൽ പലിശഭോജി വായ നിലത്ത് വലിച്ചിഴച്ചാണ് ഹാജറാക്കപ്പെടുകയെന്ന് പ്രവാചകൻ പറഞ്ഞതിൽനിന്നും മേൽവിവരിച്ച മറ്റു ഹദീസുകളിൽ നിന്നും പലിശ എത്രമാത്രം നിഷിദ്ധമാണെന്നും അല്ലാഹുവിങ്കലത് എത്ര ഗുരുതരമായ കുറ്റമാണെന്നും നമുക്ക് മനസ്സിലാവും.

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം, പ്രവാചകൻ(സ) പറഞ്ഞു: പലിശ ഭുജിക്കാത്ത ഒരുവനും ഭൂമുഖത്ത് അവശേഷിക്കാതിരിക്കുമാറുള്ള ഒരു ദിനം ജനങ്ങൾക്ക് വരാനുണ്ട്. പലിശതിന്നിട്ടില്ലെങ്കിലും അതിന്റെ പൊടിയെങ്കിലും അവനെ ബാധിക്കും. ഈ ഹദീസിലെ ആശയത്തെ സാധൂകരിക്കുമാറുള്ള വ്യാപകത്വം ഇന്ന് സമൂഹത്തിൽ പലിശ നേടി കഴിഞ്ഞിട്ടുണ്ട്. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അതിന്റെ ഗുണഭോക്താവാകാതെ ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യം വളർന്നുവരുമ്പോൾ മുസ്‌ലിംകൾ സ്വമതത്തിലെ പലിശാ നിഷിദ്ധതയുടെയും വിരോധത്തിന്റെയും ഗൗരവം മനസ്സിലാക്കി സ്വജീവിതത്തിൽനിന്ന് അതിനെ പൂർണ്ണമായും അകറ്റിനിർത്താൻ ശ്രമിക്കുന്നതോടൊപ്പം സ്വന്തം സമൂഹത്തെക്കൂടി പലിശയുടെ മഹാവിപത്തിൽനിന്ന് രക്ഷിക്കാനുള്ള ദൗത്യമേറ്റെടുത്ത് രംഗത്തിറങ്ങേണ്ടത് അടിയന്തിരാവശ്യമായിരിക്കുന്നു.

പലിശക്കെതിരെ ഇത്ര ശക്തമായ താക്കീതുകൾ ഉണ്ടായിട്ടുകൂടി സമുദായത്തിൽ ഒട്ടേറെയാളുകൾ പലിശയിടപാടുകളുമായി ബന്ധപ്പെടുന്നു എന്നത് ഖേദകരമാണ്. നിലവിലുള്ള സാമ്പത്തിക വ്യവസ്ഥക്ക്കീഴിൽ പലിശ സ്ഥാപനങ്ങളുമായി ബന്ധപ്പെടാതെ ജീവിക്കുക സാധ്യമല്ല എന്നത് നേരുതന്നെ. പക്ഷേ നിർബന്ധിതാവസ്ഥയിലല്ലാതെ പലിശയിടപാടുകളിലേർപ്പെടുന്നതിന് ഇതൊരിക്കലും ന്യായീകരണമാവുകയില്ല. ബാങ്കുകളിൽനിന്ന് കിട്ടുന്ന പലിശപ്പണം യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ വാങ്ങി ഉപയോഗിക്കുന്നതിനും ഇസ്ലാമിക ദൃഷ്ട്യാ ന്യയീകരണമേതുമില്ല. സ്വകാര്യമായി പലിശക്കച്ചവടം നടത്തുന്നവർപോലും സമുദായത്തിൽ ഇന്ന് കുറവല്ല. അത്തരക്കാർക്ക് വലിയ സ്ഥാനമാനങ്ങൾ ലഭിക്കുകയും ചെയ്യുന്നു. മദ്യപാനം പോലെ, വ്യഭിചാരം പോലെ ഹീനമായ ഒരു കുറ്റകൃത്യമായി പലിശയെ കണക്കാക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഖുർആനാകട്ടെ അവയേക്കാളെല്ലാം ഹീനമായ പാപമായിട്ടാണ് പലിശയെ കണക്കാക്കിയിട്ടുള്ളത്.

ബാങ്കു പലിശ ഖുർആൻ നിരോധിച്ച റിബയല്ലെന്നാണ് ചിലരുടെ വാദം. പാവപ്പെട്ട ആളുകൾക്ക് ഭക്ഷണം, പാർപ്പിടം വസ്ത്രം പോലുള്ള അത്യാവശ്യങ്ങൾക്ക് വായ്പകൊടുക്കുമ്പോൾ പലിശ ഈടാക്കുന്നതാണ് ഖുർആൻ നിരോധിച്ചതെന്ന് അവർ പറയുന്നു. ഇരട്ടിയിരട്ടിയായി പലിശ വാങ്ങുന്നതേ ഖുർആൻ നിരോധിച്ചിട്ടുള്ളു എന്നാണ് വേറെചിലർ വാദിക്കുന്നത്. എന്നാൽ സത്യസന്ധമായി ഖുർആനും നബിചര്യയും പരിശോധിക്കുന്നവർക്ക് ഇത്തരം വിവേചനങ്ങളൊന്നും കാണുക സാധ്യമല്ല. പലിശ അധികമായാലും കുറവായാലും ഹറാം തന്നെ. ബാങ്ക് പലിശയും ബ്ലേഡ് പലിശയും അണ്ണാച്ചിപ്പലിശയുമെല്ലാം ഖുർആൻ നിരോധിച്ച പലിശയിൽ പെടുന്നത് തന്നെ.

അല്ലാഹു ഹറാമാക്കിയ പലിശയെ ഹലാലാക്കുന്നതിന് ഹീലത്തുകൾ ചൂണ്ടികാണിക്കുന്ന പണ്ഡിതന്മാർവരെ സമുദായത്തിലുണ്ട് എന്നത് എത്ര ദു:ഖകരമാണ്. ഹീലത്തുകൾ (തന്ത്രങ്ങൾ) കണ്ടെത്തി രക്ഷപ്പെട്ടുകൊള്ളട്ടെ എന്ന് ഉദ്ദേശിച്ചിട്ടായിരിക്കുകയില്ലല്ലോ പലിശയെ അല്ലാഹു നിരോധിച്ചിട്ടുണ്ടാവുക. ഇവർ പറയുന്നത് കേട്ടാൽ തോന്നുക പലിശ നിരോധിച്ചത് അതിലടങ്ങിയിട്ടുള്ള ചൂഷണത്തിന്റെയും അക്രമത്തിൻെറയും ഒന്നും പേരിലല്ല. മറിച്ച് മുസ്‌ലിംകൾ തന്ത്രങ്ങൾ കണ്ടെത്തുന്നതിൽ എത്രമാത്രം സമർത്ഥരാണ് എന്ന് പരീക്ഷിക്കുവാൻ വേണ്ടിയാണ് അല്ലാഹു പലിശ നിരോധിക്കുകയും സകാത്ത് നിർബന്ധമാക്കുകയുമൊക്കെ ചെയ്തത് എന്നാണ്.

ബാങ്കുകളിൽ ജോലികിട്ടുന്നതിനും ബാങ്കുകളുടെ ഭരണസമിതിയിൽ കയറിപ്പറ്റുന്നതിനുമൊക്കെ മൽസരിക്കുകയും അതെല്ലാം സമുദായത്തിന്റെ അവകാശമായി കണക്കാക്കുകയും ചെയ്യുന്നവർ സമുദായത്തിൽ വിരളമല്ല. അതേസമയം പലിശരഹിതമായ ഒരു സാമ്പത്തിക വ്യവസ്ഥക്കുവേണ്ടിയുള്ള ശ്രമമോ അത് സംബന്ധിച്ച ബോധമോ ഒട്ടില്ലതാനും. അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ ഒരു മഹാപാപത്തോടുള്ള നമ്മുടെ സമീപനം ഇങ്ങനെയാണോ വേണ്ടത്? സമുദായാംഗങ്ങൾ ഗൗരവപൂർവ്വം ചിന്തിക്കേണ്ടതുണ്ട്. പലിശയെന്ന ഈ വൻകുറ്റത്തിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം അവർ ആരായും. വ്യവസ്ഥിതി പലിശയധിഷ്ഠിതമാണെന്ന് ന്യായം പറഞ്ഞ് മിണ്ടാതിരുന്നാൽ മതിയോ? തെറ്റായ വ്യവസ്ഥിതിക്കെതിരെ ശബ്ദമുയർത്തേണ്ട ബാധ്യത നമുക്കില്ലേ. അങ്ങനെ ചെയ്യുമ്പോഴല്ലേ നന്മ കൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുന്ന ഉത്തമസമുദായമായി നമ്മൾ ഉയരുകയുള്ളൂ.